06 June 2025
ذو الحجة ١٠
١٤٤٦

RSK INSIGHT Family Magazine

Issue #7 06/06/2025 Page 01 rskinsight@gmail.com



ത്യാഗ സ്മരണയിൽ ബലി പെരുന്നാൾ

ഇബ്രാഹിം നബി (അ) യുടെയും മകൻ ഇസ്മായീൽ നബി (അ) യുടേയും ത്യാഗ സ്മരണകൾ ഓർമ്മിപ്പിച്ച് കൊണ്ട് ഒരു വലിയ പെരുന്നാൾ കൂടി വരവായി.

"ബലി പെരുന്നാൾ" എന്നും അറിയപ്പെടുന്ന ഈദ് അൽ-അദ്ഹ, ദൈവത്തിന്റെ കൽപ്പന അനുസരിച്ചു കൊണ്ട് പ്രവാചകൻ ഇബ്രാഹിം നബി തന്റെ മകൻ ഇസ്മായിലിനെ ബലിയർപ്പിക്കാൻ തയ്യാറായതിനെ അനുസ്മരിക്കുന്ന ഒരു പ്രധാന ഇസ്ലാമിക ചരിത്ര മുഹൂർത്തമാണ്.

അദ്ദേഹം ദൈവകൽപ്പന പ്രകാരം തന്റെ അരുമ മകനെ ബലി കൊടുക്കാൻ തയ്യാറായപ്പോൾ അല്ലാഹു ഇടപെട്ട് പകരം ഒരു ആടിനെ ബലിയർപ്പിക്കാൻ കൽപ്പിച്ചു എന്നാണ് ചരിത്രം.

ഇസ്ലാമിക ചാന്ദ്ര കലണ്ടറിലെ പന്ത്രണ്ടാം മാസമായ ദുൽ ഹിജ്ജയിലെ 10- ആം ദിവസമാണ് ഈ ദിനം ആഘോഷിക്കുന്നത്.

ഈദ് അൽ-അദ്ഹയുടെ പ്രധാന സവിശേഷതകൾ:

പ്രാധാന്യം: ഇബ്രാഹിം നബിയുടെയും മകൻ ഇസ്മായിൽ നബിയുടെയും അനുസരണയെയും ദൈവകൽപന ചോദ്യം ചെയ്യാതെ പിന്തുടരാനുള്ള സന്നദ്ധതയെയും അനുസ്മരിക്കുന്നു .

ആഘോഷങ്ങൾ: ഈദ് നമസ്കാരത്തോടെ ആരംഭിക്കുന്നു, തുടർന്ന് ആടുമാടുകളെ ബലിയർപ്പിക്കുന്നു.

വിശ്വാസികൾ പുതു വസ്ത്രങ്ങൾ ധരിക്കുന്നു, ഈദ് ആഘോഷിക്കാൻ കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും ഒപ്പം ഒത്തുകൂടുകയും പരസ്പരം ആലിംഗനം ചെയ്യുകയും ആശംസകൾ കൈമാറുകയും ചെയ്യുന്നു.

പലരും ദാനധർമ്മങ്ങൾ ചെയ്യുന്നു, ബലി കൊടുക്കുന്ന മൃഗത്തിന്റെ മാംസം വിതരണം ചെയ്യപ്പെടുന്നു.

ലോകമെമ്പാടുമുള്ള ഇസ്ലാം മത വിശ്വാസികൾ ബലി പെരുന്നാൾ ആഘോഷിക്കുന്നു.

മുസ്ലിംകൾക്ക് നിർബന്ധമായ ഹജ്ജ് കർമ്മത്തിന്റെ അവസാനത്തെ അടയാളപ്പെടുത്തലും കൂടെ ആവുന്നു വലിയ പെരുന്നാൾ.

കുടുംബങ്ങളുമായും സുഹൃത്തുക്കളുമായും ബന്ധം പുതുക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും, ഭക്ഷണം പങ്കിടുന്നതിനും ദാന ധർമ്മങ്ങൾ നിർവ്വഹിക്കുന്നതിനും

അല്ലാഹുവിന്റെ പ്രതിഫലം ലഭിക്കുന്ന നല്ലൊരു അവസരമായി വിശ്വാസികൾ പെരുന്നാൾ ദിവസത്തെ നോക്കി കാണുന്നു.

കണ്ണുനീർ നിലയ്ക്കാത്ത ഫലസ്ഥീൻ

(..തുടർച്ച)

■ പൂക്കോയ തങ്ങൾ കണ്ണൂർ, കൂത്തുപറമ്പ്

1994-ൽ യാസർ അരഫാത്തിന്റെ നേതൃത്വത്തിൽ ഫത്താപാർട്ടി ഭരണം ഏറ്റെടുത്തത് മുതൽ സ്വതന്ത്രരാഷ്ട്രത്തിന് വേണ്ടിയുള്ള പരിശ്രമങ്ങൾ ഒറ്റയ്ക്കും, ലോകരാഷ്ട്രങ്ങളുടെ പിന്തുണ നേടിക്കൊണ്ടും നടത്തിയിരുന്നെങ്കിലും പെട്ടന്നുള്ള അദ്ധേഹത്തിന്റെ മരണം ആ നീക്കങ്ങൾക്ക് തിരിച്ചടിയായി. ഫത്താപാർട്ടിയുടെ പ്രവർത്തനങ്ങൾക്ക് ശക്തിയും, വേഗതയും പോര എന്നും, അനുരജ്ജനത്തിലൂടെയുള്ള പരിശ്രമം വിജയം കൈവരിക്കാതിരിക്കുകയും ചെയ്തപ്പോൾ നേരത്തെ ഉണ്ടാ യിരുന്ന മുസ്ലിം ബ്രദേഴ്സ് എന്ന സംഘടന 1987 -ൽ ഷെയ്ക്ക് അഹമ്മദ് യാസീന്റെ നേതൃത്വത്തിൽ "ഹമാസ്" എന്ന സംഘടനക്ക് രൂപം നൽകുകയും ഗാസ കേന്ദ്രമാക്കി ശക്തി പ്രാപിക്കുകയും ഫത്താപാർട്ടിക്കും, പ്രത്യേകിച്ച് ഇസ്രേയിലിനെതിരെയും ജിഹാദ് പ്രഖ്യാപിച്ചുകൊണ്ട് രംഗത്ത് വരികയും ചെയ്തു. അതിശക്തമാ യ ആക്രമണങ്ങളുടെ പശ്ചാതലത്തിൽ ഷെയ്ക്ക് അഹമ്മദ് യാസീനെ വർഷങ്ങളോളം തുറങ്കിൽ അടക്കുകയുണ്ടായി. അദ്ധേഹത്തിന്റെ മരണത്തിന് ശേഷം സിറിയയിലേക്ക് പാലായനം ചെയ്ത ഖാലിദ് മിശാൽ ആണ് ഹമാസിന് നേതൃത്വം നൽകുന്നത്. 2005 - ൽ യാസർ അരഫാത്തിന്റെ മരണത്തിന്ശേഷം ഫത്താപാർട്ടി യുടെ അധികാരം ഏറ്റെടുത്തുകൊണ്ട് മഹമൂദ് അബ്ബാസ് പ്രസിഡണ്ടാവുകയും, അദ്ധേഹത്തിന്റെ നേതൃത്വത്തിൽ 2006 - ൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ ഫത്താപാർട്ടിയും, ഹമാസും ഏറ്റുമുട്ടിയപ്പോൾ ഹമാസിന് ഭൂരിപക്ഷം ലഭിക്കുകയും ഇസ്മയിൽ ഹനിയുടെ നേതൃത്തിൽ ഗവന്മെണ്ട് രൂപീകരിക്കുകയും ചെയ്തു.

ഫലസ്തീൻ ജനത അവരുടെ നീറുന്ന പ്രശ്നങ്ങൾക്ക് തെല്ലെങ്കിലും പരിഹാരം ഉണ്ടാവുമെന്നു കരുതി തെരഞ്ഞെടുത്ത സർക്കാരിനെ നേരായരീതിയിൽ ഭരണം നടത്താൻ അധികാരം നഷ്ടപ്പെട്ട ഫത്താപാർട്ടിയും, സാമ്രാജ്യത്വ ശക്തികളും അനുവദിച്ചില്ല. പ്രസിഡണ്ട് എന്ന നിലയിൽ മഹമൂദ് അബ്ബാസ് തെരഞ്ഞെടുത്ത ഗവന്മെണ്ടിന് പിന്തുണ നൽകാതെ ബാഹ്യ ശക്തികളുടെ കൈകളിൽ കൂടുങ്ങി രാജ്യത്തെ പോലീസിനെയും, തന്ത്രപ്രധാനമായ കേന്ദ്രങ്ങളൊക്കെയും പ്രസിഡണ്ടിന്റെ കയ്യിൽ ഒതുക്കുകയും സർക്കാരിനെ നോക്കുകുത്തിയാക്കുകയും ചെയ്തു. ഇതേ തുടർന്ന് ഗവന്മെണ്ട് പുതിയ സേനക്ക് രൂപം നൽകുകയും ചെയ്തു. ഈ അകൽച്ച മുതലെടുത്തുകൊണ്ട് ഫത്താ - ഹമാസ് ഏറ്റുമുട്ടലുകൾ നടക്കുകയും, ഈ പ്രശ്നം രൂക്ഷമാക്കുന്നതിനുവേണ്ടുന്ന എല്ലാ പിന്തുണയും സാമ്രാജ്യത്വ ശക്തികൾ നൽകുകയും ചെയ്തപ്പോൾ രാജ്യം കലുഷിതമായി മാറുകയും, അന്യോന്യമുള്ള കലാപങ്ങൾക്ക് തിരികൊളുത്തുകയും ചെയ്തു. ദിവസങ്ങളോളം നീണ്ടുനുന്ന ഫത്താ - ഹമാസ് ഏറ്റുമുട്ടലുകളിൽ നിരവധി ജീവനുകൾ നഷ്ടപ്പെട്ടു. ഗത്യന്തരം ഇല്ലാതായപ്പോൾ ഈജിപ്തും, സൗദിഅറേബ്യയും ഇടപെട്ടുകൊണ്ട് ചർച്ചകൾ നടത്തുകയും വെടിനിർത്തൽ പ്രഖ്യാപിക്കുകയും ചെയ്തു. 2007 -ൽ മക്കയിൽ വെച്ച് നടന്ന അനുരജ്ജന യോഗത്തെ തുടർന്ന് ഫത്താ - ഹമാസ് പ്രതിനിധികൾ അടങ്ങുന്ന യൂണൈറ്റഡ് ഗവന്മെണ്ട് രൂപീകരിക്കാൻ തീരുമാനിക്കുകയും ഇസ്മയിൽ ഹനിയുടെ നേതൃത്വത്തിൽ സംയുക്ത ഗവന്മെണ്ട് രൂപീകരിക്കുകയും ചെയ്തു. എന്നാൽ പുറത്തുനിന്നുള്ളവരുടെ ഇടപെടലുകളെ തുടർന്ന് ഈ ഗവന്മെണ്ടിനും അധികം നിലനിൽക്കാൻ കഴിഞ്ഞില്ല. വീണ്ടും രാജ്യത്താകെ ഫത്താ - ഹമാസ് സംഘട്ടനങ്ങൾ ഉണ്ടാവുകയും പ്രശ്നം രൂക്ഷമായതിനെ തുടർന്ന് ഈജിപ്തിന്റെ നേതൃത്വത്തിൽ നടന്ന നിരന്തരമായ ചർച്ചകളുടെ ഫലമായി ഗാസ ഉൾപ്പെടുന്ന പ്രദേശം ഹമാസിന്റെ നിയന്ത്രണത്തിൽ ഇസ്മയിൽ ഹനിയും , വെസ്റ്റ്ബാങ്ക് ഉൾപ്പെടുന്ന പ്രദേശങ്ങൾ ഫത്താപാർട്ടിയുടെ നിയന്ത്രണത്തിൽ സലാം ഫയാസും ഭരണകാര്യങ്ങൾ കൈകാര്യം ചെയ്യുന്നു. ഇപ്പോഴും ഈ നില തുടർന്നുകൊണ്ടിരിക്കുകയാണ്. പൊതുശത്രുവിനെ മനസ്സിലാക്കാതെ അന്യോന്യം കലഹിച്ചുകൊണ്ട് ഭിന്നിച്ചുനിൽക്കുന്ന ഈ അവസ്ഥ മാറാത്തിടത്തോളം കഴുകന്മാർ നാലു ഭാഗത്തുനിന്നും വലിച്ചുകീറിക്കൊണ്ടേയിരിക്കും. അതാണ് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന ഫലസ്തീനിനെതിരെയുള്ള ആക്രമണങ്ങളിൽ നിന്നും നാം ഉൾക്കൊള്ളുന്ന പാഠം.

വർഷങ്ങളായി നിണ്ടുനിൽക്കുന്ന ഉപരോധവും, പിറന്ന മണ്ണിൽകൂടി സ്വതന്ത്രമായി സഞ്ചരിക്കുന്നതിനോ, നേരാംവണ്ണം വിദ്യ അഭ്യസിക്കാനോ, ജീവൻ നിലനിർത്തുന്നതിന്വേണ്ടി അന്യരാജ്യങ്ങളിലേക്ക് പാലായനം ചെയ്യേണ്ടിവന്ന രക്തബന്ധങ്ങളുമായി ബന്ധപ്പെടാനാ കഴിയാതെ, ഏതുനിമിഷവും രാജ്യത്തിന്റെ അതിർത്തികൾ അടച്ചിട്ടുകൊണ്ടും, സ്വന്തം ജീവൻ നിലനിർത്തുന്നതിന് ആവശ്യമായ ഭക്ഷണം പോലും ലഭിക്കാതെ നരകയാതന അനുഭവിക്കുന്ന ഒരു ജനതയെ സഹായിക്കുന്നതിനുവേണ്ടി UNA യുടെ നേതൃത്വത്തിൽ ഭക്ഷണ സാധനങ്ങളും, മരുന്നുകളുമായി പോയ കപ്പലുകളെപ്പോലും ഇല്ലാത്ത പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ട് ആക്രമിക്കുകയും, അതിലെ ജീവനക്കാരെ നിഷ്ഠൂരം വധിക്കുകയും ചെയ്ത അതികിരാതമായ സിയോണിസ്റ്റ്മുഖം അടുത്തകാലത്താണ് നാം കണ്ടത്. ഒന്നോ, രണ്ടോ തവണയല്ല നിരവധി പ്രാവശ്യമായി അടുത്തടുത്തായി ഇങ്ങനെ ചെയ്യുന്നത്. ലോകരാഷ്ട്രങ്ങൾ മിക്കതും ഈ കാടത്തത്തെ എതിർത്തപ്പോൾ പൊതുവെയുള്ള ക്ഷമ ചോദിച്ചുകൊണ്ട് കൈകഴുകിയതും നാം കണ്ടു. ലോകരാഷ്ട്രങ്ങൾ ഭൂരിഭാഗവും എതിർത്തപ്പോഴും ഇസ്രേയിൽചെയ്ത മാപ്പർഹിക്കാത്ത ഈ ഹീനപ്രവൃത്തിയെ ന്യായീകരിച്ച ലോകപോലീസിന്റെ വികൃതമായമുഖവും നാം കാണുകയുണ്ടായി.

ബിൻലാദന്റെ പേരിൽ അഫ്ഗാനിസ്ഥാനെയും, ഇല്ലാത്ത ആയുധങ്ങൾ ഉണ്ടെന്നുപറഞ്ഞും, മറ്റുള്ളവരെ വിശ്വസിപ്പിച്ച് കൂടെ നിർത്തി ഇറാഖിനെയും ഇല്ലാതാക്കിയ സാമ്രാജ്യത്വ ശക്തികൾ, ന്യൂക്ലിയർ ഉൽപാദനത്തിന്റെ പേരിൽ ഇറാനെ ആക്രമിക്കാനുള്ള കോപ്പ്കൂട്ടിക്കൊണ്ടിരിക്കുകയാണ് അമേരിക്കയും, അവർക്ക് ഓശാന പാടിക്കൊണ്ടിരിക്കുന്ന സഖ്യകക്ഷികളും. എന്നാൽ സ്വന്തം പിറന്നമണ്ണിൽ സ്വതന്ത്രമായി ജീവിക്കാൻ പോരാടിക്കൊണ്ടിരിക്കുന്ന നിർധരണരായ ഫലസ്തീൻ ജനതയെ ഇപ്പോഴും ഇല്ലാകഥകൾ ഉണ്ടാക്കികൊന്നൊടുക്കിക്കൊണ്ടിരിക്കുന്ന സിയോണിസ്റ്റുകളുടെ കിരാതനടപടികൾക്കെതിരെ സാശ്വതമായ പരിഹാരം കാണാൻ ആരുംതന്നെ തയ്യാറാവുന്നില്ല എന്നതാണ് നാം കാണുന്നത്. എന്നാൽ കഴിഞ്ഞ ദിവസങ്ങളിൽ അമേരിക്കയുടെയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള ഇസ്രേയിൽ - ഫലസ്തീൻ കൂടിക്കാഴ്ചകളും, ചർച്ചകളും കഴിഞ്ഞകാലങ്ങളിൽ നടന്നതുപോലെയുള്ള വഴിപാടുകൾ മാത്രമാണെന്നാണ് അനുഭവത്തിൽ കൂടി നാം വീണ്ടും പഠിച്ചത്. ധിക്കാരപരമായിതന്നെ ഗാസാ പ്രദേശമാകെ വേലികെട്ടിയതിനെ തുടർന്ന് ചർച്ച തുടരാനാവാതെ അവസാനിപ്പിച്ചിരിക്കുകയാണ്. ഒരു ഭാഗത്തുകൂടി ലോകജനതയുടെ മുന്നിൽ കണ്ണിൽ പൊടിയിടാൻ വേണ്ടി ചർച്ചയും മറു ഭാഗത്തുകൂടി തന്നിഷ്ടം നടപ്പാക്കുകയാണ് സിയോണിസ്റ്റുകളുടെ മൂർത്തരൂപമായ ഇസ്രേയിൽ ചെയ്യുന്നത്.

ലോകത്തെ സോഷ്യലിസ്റ്റ് രാജ്യങ്ങൾക്ക് ഏറ്റ ഇടക്കാല തിരിച്ചടിയാണ് ലോകപോലീസിന്റെറയും, സിയോണിസ്റ്റുകളുടെയും തുടർന്നുവരുന്ന ഈ നരനായാട്ടുകൾക്ക് കാരണം. അമേരിക്കയുടെയും, ഇസ്രേയിലിന്റെറയും തുടർന്നുവരുന്ന ഈ ഹീന പ്രവൃത്തികൾക്കെതിരെ പോരാടുന്നവരുടെ കൂട്ടായ്മ ലോകത്താകെ ഉയർന്നുവരേണ്ടതായിട്ടുണ്ട്. ഇങ്ങനെയുള്ള കൂട്ടായ്മകൾ ഏതുഭാഗത്തു നിന്നുണ്ടായാലും ലോകത്ത് ശാന്തിയും സമാധാനവും കാംക്ഷിക്കുന്നവർ അതിനെ പിന്തുണയ്ക്കണം.

ചേരിചേരാ രാഷ്ട്രങ്ങളുടെ തലതൊട്ടപ്പനായിരുന്ന നമ്മുടെ രാജ്യവും അടുത്തകാലത്തായി സിയോണിസ്റ്റ് - സാമ്രാജ്യത്വ രാജ്യങ്ങളെ പിന്തുണയ്ക്കുന്നതാണ് നാം കാണുന്നത്. ആയുധ ഇടപാടുകളിലൂടെ ഇസ്രേയിലുമായും, ആണവകരാരിലൂടെ അമേരിക്കയുമായും നടത്തുന്ന വ്യാപാര കരാറുകൾ ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ഫലസ്തീനിന്റെ സ്വതന്ത്ര രാഷ്ട്രപദവിക്കുവേണ്ടിയുള്ള പോരാട്ടത്തിന് പിന്തുണപ്രഖ്യാപിച്ചുകൊണ്ട് വൈകിയാണെങ്കിലും ചേരിചേരാ രാജ്യങ്ങളും മറ്റും മുന്നോട്ട് വരികയും പ്രസിഡണ്ട് മഹമൂദ് അബ്ബാസ് നടത്തിയ ശ്രമങ്ങൾക്ക് നല്ലരീതിയിലുള്ള പിന്തുണ ലോകരാജ്യങ്ങളിൽ നിന്ന് ലഭിച്ചെങ്കിലും ഫലസ്തീന് സ്വതന്ത്ര രാഷ്ട്രപദവി നൽകാനുള്ള സമയം ആയിട്ടില്ല എന്ന പഴയ പല്ലവി ആവർത്തിച്ചുകൊണ്ട് സിയോണിസ്റ്റ് ഇസ്രേയൽ രംഗപ്രവേശനം ചെയ്തുകൊണ്ട് ഈ നീക്കങ്ങളെയും തകർക്കുകയും ചെയ്തു. ഈ വർത്തമാനകാലത്ത്പോലും നിരായൂധരായ ഫലസ്തീൻ ജനതയെ ജൂതപട്ടാളം അവർ സ്വയം ഉണ്ടാക്കുന്ന പ്രകോപനങ്ങളുടെ പേരിൽ ഇപ്പോഴും കൊലചെയ്തുകൊണ്ടിരിക്കുകയാണ്.

തോരാത്ത കണ്ണീരുമായി, സ്വാതന്ത്രം കിട്ടിയിട്ടും അത് അനുഭവിക്കാൻ കഴിയാത്ത പിറന്നനാടിന്റെ പൂർണ സാതന്ത്ര്യത്തിനുവേണ്ടി പോരാടിക്കൊണ്ടിരി ക്കുന്ന ഫലസ്തീൻ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും, വരും കാലം ഈ വിപ്ലവകാരികളുടെ മുന്നേറ്റങ്ങളുടേതാവട്ടെ എന്ന് ആഗ്രഹിച്ചുകൊണ്ട്.

RSK INSIGHT Family Magazine

Issue #7 06/06/2025 Page 02



നിങ്ങൾ കരയാറുണ്ടോ?

ابن اشرف

(..തുടർച്ച)

ഈ വിവരിച്ച കരച്ചിലുകളിൽ ഏതാണ് ഏറ്റവും ഉത്തമം…..?!

സംഗതി രണ്ടാമതു പറഞ്ഞതാണ്. അതായതു പേടിക്കരച്ചിൽ. പക്ഷേ ഒരു കാര്യമുണ്ട്, അല്ലാഹുവിനെക്കുറിച്ചോർത്തുള്ള പേടി മൂലമുള്ളതായിരിക്കണമത്. എങ്കിലേ അതിന്നു മാറ്റുള്ളൂ.

അല്ലാഹുവിന്ന് ഏറ്റവും ഇഷ്ടമുള്ള തുള്ളി അവനെ ഭയന്നു പൊഴിക്കുന്ന കണ്ണീർതുള്ളിയാണെന്നു ഹബീബായ_നബി(സ്വല്ലല്ലാഹു അലൈഹി വഅലാ ആലിഹി വസല്ലം)തങ്ങൾ പറഞ്ഞിട്ടുണ്ട്.

അകിടിൽ നിന്നു ചുരത്തിയ പാൽ അകിടിലേക്കു തന്നെ തിരിച്ചു പോകണമത്രേ അല്ലാഹുവിനെ ഭയന്നു കരഞ്ഞ മനുഷ്യൻ നരകത്തിൽ കടക്കണമെങ്കിൽ, ഒരിക്കലും സംഭവിക്കാത്ത കാര്യമാണതെന്നു ചുരുക്കം.

പശ്ചാത്താപവിവശന്റെ കണ്ണുനീർ അല്ലാഹുവിന്റെ കോപത്തെ ശമിപ്പിക്കുമെന്നും പറയപ്പെട്ടിട്ടുണ്ട്. എന്തിന്നധികം പറയണം? ഉമ്മത്തിൽ നിന്ന് ഒരാളെങ്കിലും അല്ലാഹുവിനോടുള്ള ഭയത്താൽ കരഞ്ഞാൽ, അക്കാരണത്താൽ ഉമ്മത്തിന്നു മൊത്തവും അല്ലാഹു റഹ്മത്തു ചെയ്യുമെന്നും പറയപ്പെടുന്നുണ്ട്.

ഇന്നു നാമനുഭവിക്കുന്ന ഇലാഹീ റഹ്മത്തിന്നു കാരണം ഏതെങ്കിലുമൊക്കെ മൂലയിലിരുന്ന് ആരെങ്കിലുമൊക്കെ അല്ലാഹുവിനെക്കുറിച്ചോർത്തു കരയുന്നതാകാം. അല്ലാഹു അഅ്ലം.

കരച്ചിലിന്റെ കൂട്ടത്തിൽ വിലമതിക്കാനാകാത്ത മറ്റൊന്നു കൂടിയുണ്ട്, തിരിച്ചു പിടിക്കാനാകാത്ത സമയം, അല്ലാഹുവിന്റെ പൊരുത്തത്തിലായി ഉപയോഗിക്കാതെ നഷ്ടപ്പെടുത്തിയതിനെക്കുറിച്ചോർത്തുള്ളതാണത്. ഇതിനെ നമുക്ക് ആറാമതായി ലിസ്റ്റ് ചെയ്ത കരച്ചിലിന്റെ ഇനത്തിൽ പെടുത്താം.

കരച്ചിലിനെ നമുക്കു രണ്ടായി തിരിക്കാം, ഐഹികമെന്നും അനൈഹികമെന്നും. രണ്ടാമതു പറഞ്ഞത് എളുപ്പം മനസ്സിലാകും. എന്നാൽ ഐഹികമെന്നതു ദുൻയാവല്ലേ?

ദുൻയവിയായ കാര്യങ്ങളിൽ കരയാമോ? കണ്ണീർ ഒലിപ്പിക്കാമോ? കരയാം.. കണ്ണുനീർ ഒലിപ്പിക്കുകയും ചെയ്യാം. എന്നാൽ വലിയ വായിൽ നിലവിളിച്ച്, നെഞ്ചത്തടിച്ചു പണ്ടാറമടക്കരുത്. അതു പാടില്ലാത്തതാണ്, ശക്തമായ വിലക്കുള്ളതുമാണ്.

അല്ലാഹുവിന്റെ വിധിയിലുള്ള അതൃപ്തിയോ അതിലുള്ള പൊറുതികേടോ ആയിരിക്കരുത്, കരച്ചിലിന്റെ നിദാനം. അങ്ങനെ വ്യാഖ്യാനിക്കപ്പെടും വിധമാവുകയും ചെയ്യരുത്, കരച്ചിലും കണ്ണീരും. നിശ്ശബ്ദക്കരച്ചിലാണ് അഭികാമ്യം.

കരച്ചിലിൽ മേന്മയുള്ളത് അവനവന്റെ ആഖിറത്തെക്കുറിച്ചോർത്തുള്ള കരച്ചിൽ തന്നെയാണെന്ന് ഇതിനകം മനസ്സിലാക്കിയിട്ടുണ്ടാകുമല്ലോ?

സംഗതിയൊക്കെ ശരിയാണ്, പക്ഷേ കരച്ചിൽ വരുന്നില്ല, അതിനെന്തു ചെയ്യും?

ഒന്നും ചെയ്യാനില്ല, ഉണ്ടാക്കിക്കരയുക തന്നെ. അതു കാപട്യമല്ലേ? അല്ല, അതൊരു പരിശീലനമാണ്. അല്ലാഹുവിനെക്കുറിച്ചോർത്ത്, അവനോടു ചെയ്ത തെറ്റുകളെക്കുറിച്ചോർത്ത്, അവൻ നല്കുന്ന ശിക്ഷകളെക്കുറിച്ചോർത്ത്, മനപ്പൂർവ്വം കരയുക. കണ്ണു കലങ്ങിയില്ലെങ്കിലും മനസ്സു ഏങ്ങിയില്ലെങ്കിലും കരയുക, കണ്ണീർ വാർക്കുക. ഇങ്ങനെ കരഞ്ഞു കരഞ്ഞ് ഒടുവിലത് ഉള്ളിൽ തട്ടും. പിന്നെ കണ്ണുകൾ മാത്രമല്ല, മനസ്സും വിതുമ്പാൻ തുടങ്ങും.

ഇങ്ങനെ മനപ്പൂർവ്വം കരയുന്നതു മോശമല്ല, എന്നാൽ മോശമായ ഒരു കരച്ചിലുണ്ട്, അത് ഉടായിപ്പു കരച്ചിലാണ്, അതായത് ആളുകളെ കാണിക്കാനുള്ള കരച്ചിൽ. അവനെക്കാളും മ്ലേച്ചൻ വേറെയാരാണുള്ളത്? കണ്ണുനീരിൽ പോലും പ്രകടനപരതയുടെ മായം കലർത്തുന്നവൻ.

മുത്തുനബി(സ്വല്ലല്ലാഹു അലൈഹി വഅലാ ആലിഹി വസല്ലം)തങ്ങളും സ്വിദ്ദീഖുൽഅക്ബർ റളിയല്ലാഹു അൻഹുവും കരയുന്നതു കണ്ടു കടന്നു വന്ന ഉമറുൽഫാറൂഖ് റളിയല്ലാഹു അൻഹു ഹബീബായ നബി(സ്വല്ലല്ലാഹു അലൈഹി വഅലാ ആലിഹി വസല്ലം)തങ്ങളോടു ചോദിച്ചു:

“എന്തിനാണു നബിയേ കരയുന്നത്? എന്നോടു കൂടി പറയൂ, അതു കേട്ട് എനിക്കു കരച്ചിൽ വന്നാൽ ഞാനും കരയും, ഇനി കരച്ചിൽ വന്നില്ലെങ്കിൽ ഞാൻ ഉണ്ടാക്കിക്കരയും”.

ഉണ്ടാക്കിക്കരയുമെന്ന് ഉമറുൽഫാറൂഖ് റളിയല്ലാഹു അൻഹു പറഞ്ഞപ്പോൾ നബി(സ്വല്ലല്ലാഹു അലൈഹി വഅലാ ആലിഹി വസല്ലം)തങ്ങൾ അദ്ദേഹത്തെ തിരുത്തിയില്ല. ഇമാം അഹ്മദ് ബിൻ ഹമ്പൽ റഹിമഹുല്ലാഹ് അവിടുത്തെ മുസ്നദിൽ വിവരിച്ച സംഭവമാണിത്.

പ്രകടനപരതയോ മറ്റു ഭൗതിക താല്പര്യങ്ങളോ ഇല്ലാതെ ഉണ്ടാക്കിക്കരയുന്നതിന്നു വിരോധമില്ലെന്നർത്ഥം. ഖുർആൻ പാരായണം ചെയ്യുമ്പോൾ കരയാനും കരച്ചിൽ വന്നില്ലെങ്കിൽ ഉണ്ടാക്കിക്കരയാനുമുള്ളൊരു നിർദ്ദേശം ഹദീസിൽ കാണാം.

മുൻകഴിഞ്ഞ സ്വാലിഹീങ്ങൾ നമ്മോട് ഉപദേശിക്കുന്നതു തന്നെ ഇങ്ങനെയാണ്: അല്ലാഹുവിനെപ്പേടിച്ചു കരയുക, കരച്ചിൽ വന്നില്ലെങ്കിൽ ഉണ്ടാക്കിക്കരയുക.

ഇമാം_അബ്ദുല്ലാഹ്_അൽഹദ്ദാദ് (റഹിമഹുല്ലാഹ്) പറയുന്നതു കരച്ചിൽ ഹൃദയത്തെ പ്രകാശിപ്പിക്കുമെന്നാണ്. മഹാനർ ഇങ്ങനെ കൂടി പറയുന്നുണ്ട്: കരച്ചിൽ ഹൃദയത്തിൽ ഒതുക്കുകയും കണ്ണുനീരിനെ പിടിച്ചു നിർത്തുകയും ചെയ്യുന്നതാണു കരച്ചിൽ പുറത്തേക്കൊഴുക്കികളയുന്നതിനെക്കാൾ നല്ലത്, കാരണം അതു ഹൃദയത്തിൽ കൂടുതൽ സ്വാധീനം ചെലുത്തുകയും അതിനെ കൂടുതൽ പ്രകാശമാനമാക്കുകയും ചെയ്യും.

സന്തോഷം പുറത്തു കാണിക്കുകയും കരച്ചിൽ മറച്ചു വയ്ക്കുകയും ചെയ്യുന്ന ഒരു വിഭാഗം ഭക്തർ അല്ലാഹുവിന്ന് ഉണ്ടത്രേ! താബിഈപ്രമുഖനായ മുഹമ്മദ്_ബിൻ_വാസിഅ് റളിയല്ലാഹു അൻഹു പറയുന്നു: ഭാര്യമാരോടൊപ്പം ഒരേ തലയിണ പങ്കു വച്ച് ഇരുപതു വർഷത്തോളം കിടന്നിരുന്ന മഹത്തുക്കളെ നാം കണ്ടിട്ടുണ്ട്. അവരുടെ തലയിണകൾ കണ്ണീരിനാൽ കുതിരോളം അവർ കരഞ്ഞിരുന്നു. പക്ഷേ തൊട്ടടുത്തു ശയിക്കുന്ന ഭാര്യമാർ പോലും അതറിഞ്ഞിരുന്നില്ല.

കരച്ചിലിനെക്കുറിച്ചു കരച്ചിൽ വരുവോളം പറഞ്ഞാലും തീരില്ല. കരച്ചിൽ വന്നാൽ അതു തീരുവോളം പറയാനും കഴിയില്ല.

ആഖിറത്തിൽ കരയാതിരിക്കണമെങ്കിൽ ഇവിടെ കരഞ്ഞേ മതിയാകൂ. അന്ത്യനാളിൽ എല്ലാ കണ്ണുകളും കരയും, ഹറാമിന്നു നേരെ കൊട്ടിയടച്ച കണ്ണുകളും, അല്ലാഹുവിന്റെ മാർഗത്തിൽ ഉറക്കമിളിച്ച കണ്ണുകളും അവനെപ്പേടിച്ചു കരഞ്ഞ കണ്ണുകളുമൊഴിച്ച് എന്നു മുത്തുനബി(സ്വല്ലല്ലാഹു അലൈഹി വഅലാ ആലിഹി വസല്ലം)തങ്ങൾ പറഞ്ഞില്ലേ? അതു പോരെ കരച്ചിലിന്റെ മഹത്ത്വം മനസ്സിലാക്കാൻ?

ഹബീബായ നബി(സ്വല്ലല്ലാഹു അലൈഹി വഅലാ ആലിഹി വസല്ലം)തങ്ങളോട് ഉഖ്ബത് ബിൻ ആമിർ (റളിയല്ലാഹു അൻഹു) എന്ന സ്വഹാബിവര്യൻ ഒരിക്കൽ ചോദിച്ചു. "രക്ഷപെടാൻ (ആഖിറത്തിൽ) എന്തുണ്ടു മാർഗ്ഗം തങ്ങളേ?"


അവിടുന്ന് ഉപായം പറഞ്ഞു കൊടുത്തു: നാവിനെ സൂക്ഷിക്കുക, വീട്ടുകാരോടു നല്ല നിലയിൽ പെരുമാറുക, ചെയ്തു കൂട്ടിയ തെറ്റുകളെ ഓർത്തു കരഞ്ഞു കൊണ്ടിരിക്കുക.

അതേ, ഇതു മാത്രമേ നമുക്കും ചെയ്യാനുള്ളൂ. കരയുക, കരഞ്ഞു കൊണ്ടേയിരിക്കുക. ചെയ്തു പോയ തെറ്റുകളോർത്ത്, നഷ്ടപ്പെടുത്തിയ സമയത്തെയോർത്ത്, ഖബ്റിൽ കിടക്കുന്നതിനെയോർത്ത്, മലക്കുകളുടെ ചോദ്യങ്ങളോർത്ത്, മഹ്ശറിനെയോർത്ത്, സ്വിറാത്തോർത്ത്, മീസാനോർത്ത്, വിജയപരാജിതരിൽ ഏതു വിഭാഗത്തിൽ പെടുമെന്നോർത്ത്, അങ്ങനെ പലതിനെയുമോർത്ത്, കരയാനാണോ നമുക്കു വിഷയദാരിദ്ര്യം?

കരയുക കണ്ണുകളേ, കണ്ണീർ വാർക്കുക, ഒരുവേള നിങ്ങളായിരിക്കും ഈ പതിതരെ നരകാഗ്നിയിൽ നിന്നു രക്ഷിക്കുന്നത്.

അല്ലാഹുവിന്നു വേണ്ടി കരയുന്ന കണ്ണുകൾ നമുക്കേവർക്കും അവൻ നല്കട്ടെ - ആമീൻ.

MASHURA BEEVI, KOLIKKAL



Published by: RSK INSIGHT Magazine sub committee | *Design/Lay-out & Edited by:* Shihab Thangal | *Proof Reading & Review:* Sayyid Abdul Rahman Jifry | *Technical Support:* Syed JafarThangal